# കീഴാളധാരകളുടെ നവോത്ഥാന സമരങ്ങൾ ചരിത്രാഖ്യാനങ്ങളിൽ- ഒരു വിമർശനാത്മക വിശകലനം

**സഞ്ചന കെ.**

ആധുനികതയുടെ ഘട്ടത്തിൽ വികസിച്ച വന്ന വിജ്ഞാനപദ്ധതിയാണ് ചരിത്രം. അതത് കാലഘട്ടത്തെ കുറിച്ചുള്ള സവിശേഷമായ ഒരാഖ്യാന രൂപമാണത്. "വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള അവിരാമമായ സംവാദമാണ് ചരിത്രം" എന്നാണ് ഇ.എച്ച്. കാർ ചരിത്രത്തെ നിർവചിക്കുന്നത്. മറ്റെല്ലാത്തിലുമുള്ളതു പോലെ ചരിത്രമെന്ന ആഖ്യാനത്തിലും ചില വ്യക്തി താല്പര്യങ്ങളും നിലനില്ക്കുന്ന പ്രത്യയശാസ്ത്രങ്ങളും അന്തർലീനമാണ്. അജണ്ടകളാൽ നിശ്ചയിക്കപ്പെട്ട ചരിത്രം അപക്വവും അബദ്ധവും അപകടകാരിയുമാണെന്ന് പറയാം. നിരവധി ആശയലോകങ്ങളുടെ സ്വാധീനത്താൽ രൂപീകരിക്കപ്പെടുന്ന സാമൂഹികവും സാംസ്കാരികവുമായ ഒരു നിർമ്മിതിയാണ് ചരിത്രം. ഒരു പ്രത്യേക കാലഘട്ടത്തിൽ സമൂഹത്തിൽ വലിയ മുന്നേറ്റങ്ങളുണ്ടാക്കിയ പല സംഭവങ്ങളും ചരിത്രാഖ്യാനത്തിനകത്തേക്ക് എത്തുമ്പോൾ തികച്ചും വിരുദ്ധമായും വികലമായും മാറാറുണ്ട്. ഇത്തരം ആഖ്യാനങ്ങളിലെ പ്രതിനിധാനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് മാത്രമേ അവയിലുൾച്ചേർന്നിരിക്കുന്ന പ്രത്യയശാസ്ത്ര നിലകൾ നിർദ്ധാരണം ചെയ്തെടുക്കാൻ സാധിക്കൂ.

കേരളീയ സമൂഹത്തിൽ എല്ലാ കാലത്തും മേൽകീഴ് ബന്ധങ്ങൾ നിറഞ്ഞ വ്യവസ്ഥയാണ് നിലനിന്നിരുന്നത്. ഒരു വിഭാഗം ആളുകളുടെ മേൽ സമൂഹത്തിന്റെ മേൽതട്ടിലുള്ളവർ പുലർത്തിവന്ന ആധിപത്യത്തിനെതിരെ നിരന്തരം പോരാട്ടങ്ങൾ നടന്നുവന്നു. അവകാശങ്ങൾ നേടിയെടുക്കാനായി ജനങ്ങൾ നടത്തിയ സമരങ്ങളുടെ രേഖപ്പെടുത്തലുകളാണ് ഇവിടെ വിശകലനം ചെയ്യുന്നത്. അതിനായി വിമർ ശനാത്മക വ്യവഹാര വിശകലനത്തിന്റെ രീതിശാസ്ത്രമാണ് ഉപയോഗിക്കുന്നത്. 1980-കളിൽ ആരംഭിച്ച ഈ പഠനപദ്ധതി എല്ലാതരം വ്യവഹാരങ്ങളിലും അന്തർലീനമായിരിക്കുന്ന അധികാരത്തിന്റെ പ്രത്യയശാസ്ത്രങ്ങളെ പുറത്തുകൊണ്ടുവരികയും അതിനെതിരെ ഒരു പ്രതിപ്രത്യയശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്യുന്നു.

കേരളത്തിൽ നടന്നിട്ടുള്ള പല കീഴാള സമരങ്ങളെയും കുറിച്ച് വേണ്ടത്ര പ്രാധാന്യത്തോടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രാതിനിധ്യം ലഭിച്ച ചില സംഭവങ്ങളെയും കീഴാള സമരങ്ങളെയും കുറിച്ചുള്ള പ്രതിപാദനരീതീയും അവ അറിയപ്പെടുന്ന പേരുകളും പലപ്പോഴും സാധാരണ ജനങ്ങളുടെ പോരാട്ടവീര്യത്തെ നിസാരവല്ക്കരിക്കുന്ന തരത്തിലാണ്. ചാന്നാർ ലഹള, മാപ്പിള ലഹള, കുറിച്യർ ലഹള എന്നിവയും വെങ്ങാനൂരിലെ തട്ടത്തെരുവ് ലഹള, നെടുമങ്ങാട് ലഹള, പള്ളിച്ചാലിലെ ചെട്ടിപ്പിള്ള തെരുവുലഹള, അമ്മൻ കോവിൽ തെരുവുലഹള, ഓലത്താനി ചന്ത ലഹള, മണക്കാട്ടു ലഹള, കഴക്കൂട്ടം ലഹള തുടങ്ങിയവയും അയ്യൻകാളി നേതൃത്വം നൽകിയ പെരിനാടൻ ലഹള, ഊരുട്ടമ്പലം ലഹള അഥവാ തൊണ്ണൂറാം ലഹള, മുതലായവും പൊയ്കയിൽ യോഹന്നാൻ നയിച്ച വാകത്താനം ലഹള, കൊഴുക്കും ലഹള, മുണ്ടക്കയം ലഹള, മംഗലം ലഹള മുതലായവയും സമരചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട രീതിയ്ക്ക് പിന്നിൽ ഒരു സവർണ്ണ പ്രത്യയശാസ്ത്രം പ്രവർത്തിച്ചിട്ടുണ്ട്. ഈ സമരങ്ങളുടെയെല്ലാം പൊതുവായ സവിശേഷതകൾ എടുത്ത് നോക്കിയാൽ എല്ലാം കീഴാളവിഭാഗം അവരുടെ നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിനോ തങ്ങൾ നേരിടുന്ന അക്രമങ്ങളെ പ്രതിരോധിക്കുന്നതിനോ വേണ്ടിമാത്രം നടത്തിയതാണെന്നുകാണാം. അധസ്ഥിത വിഭാഗത്തിന്റെ സമരപോരാട്ടങ്ങൾ കേവലം ലഹളകളായി അവതരിപ്പിക്കപ്പെട്ടു. ആവശ്യമില്ലാത്ത വിഷയത്തിന്റെയോ വാദത്തിന്റെയോ പുറത്ത് ആളുകൾ സംഘമായി നടത്തുന്ന കോലാഹലം എന്നൊരു അർത്ഥം കൂടി ഈ 'ലഹള' എന്ന പദത്തിനൊപ്പം വായനക്കാരന്റെ അല്ലെങ്കിൽ ചരിത്രപഠിതാവിന്റെ ബോധ്യങ്ങളിലേക്ക് കയറിവരുന്നു. "കൂട്ടം കൂടിയുള്ള കലഹം; വലിയ വഴക്ക്" എന്നാണ് ശബ്ദതാരാവലി മലയാളം നിഘണ്ടുവിൽ ലഹള എന്ന പദത്തിന് അർത്ഥം നൽകിയിരിക്കുന്നത്.

**കലാപങ്ങളുടെ കാലം**

1914-ന്റെ അവസാനത്തോടുകൂടി കേരളചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടമാരംഭിക്കുന്നു. മിക്ക സ്ഥലങ്ങളിലും അധസ്ഥിത സമൂഹം സംഘടിക്കാനും ഊർജ്ജ്വസ്വലരായ നേതാക്കന്മാരെ വാർത്തെടുക്കാനും ആരംഭിച്ചു. കൊല്ലവർഷം 1090-ൽ ആരംഭിച്ചതിനാൽ ഈ സമരങ്ങൾ പൊതുവെ 'തൊണ്ണൂറാമാണ്ട് ലഹള' (ടി.എച്ച്.പി. ചെന്താരശ്ശേരി: 2013: 73) എന്ന പേരിലാണ് അറിയപ്പെടുന്നത്. എന്നാൽ ടി.കെ.വേലുപ്പിള്ളയെ പോലുള്ള ചരിത്രകാരന്മാർ 'പുലയ ലഹള' എന്നാണിതിനെ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ ഇപ്രകാരം പറയുന്നുണ്ട് “The so called pulaya riots in Neyyattinkara taluk and adjacent places, the riot at Thalayolaparambu in Vaikkom and the riot at Cape comerin were among the more serious” (T.K. Velu Pillai: 1940: 707). ചരിത്രത്തിൽ പുലയർ നടത്തിയ ചില കോലാഹലങ്ങളായി മാത്രം ആ കാലഘട്ടത്തിൽ നടന്ന സമരങ്ങളെ നിസാരവല്ക്കാരിനുള്ള ശ്രമം ഈ വിശേഷണത്തിലൂടെ തന്നെ വ്യക്തമാകുന്നു.

ഇക്കാലത്ത് നെയ്യാറ്റിൻകര കോടതിയിൽ താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് കേസുകൾ ഫയൽചെയ്യാനും നേരിട്ട് മൊഴി നല്കാനോ കൂടുതൽ അന്വേഷണങ്ങൾക്കോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മാത്രമല്ല ഇവരുടെ കേസുകൾ പരിഗണിച്ചാൽ തന്നെ കോടതി മുറ്റത്തെ പ്ലാവിൻ ചുവട്ടിൽ വെച്ചാണ് തീർപ്പുകല്പിക്കുന്നത്. ഇത് പ്ലാമൂട്ട് കച്ചേരി എന്ന പേരിലാണ് അറിയപ്പെട്ടത്.അയ്യങ്കാളിയുടെ പ്രജാസഭയിലെ പ്രസംഗങ്ങളിൽ ഈ സമ്പ്രദായത്തിനെതിരെയും പരാമർശനം നടത്തിയിരുന്നു. "പൊതുവെ എല്ലായിടത്തും പുലയരുടെ നേതൃത്വത്തിൽ ജന്മാവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങൾ ആരംഭിച്ചിരുന്നു. പുറമെ നിന്ന് നോക്കുന്നവർക്ക് ഇതെല്ലാം പുലയലഹളയും പുലയമുഷ്കും ആയിട്ടുതോന്നാമെങ്കിലും അവയെല്ലാം മനുഷ്യാവകാശ പുനസ്ഥാപനസമരങ്ങൾ മാത്രമായിരുന്നു" (ടി.എച്ച്.പി. ചെന്താരശ്ശേരി: 2013: 73) എന്ന് അയ്യങ്കാളി എന്ന പുസ്തകത്തിൽ ടി.എച്ച്.പി.ചെന്താരശ്ശേരി അഭിപ്രായപ്പെടുന്നു.

നെയ്യാറ്റിൻകര തൊഴുക്കൽ എന്ന സ്ഥലത്തുള്ള അയ്യനവർ സമുദായത്തിൽപ്പെട്ട റിട്ടയർ ഹെഡ് മാസ്റ്റർ സ്വാമി പവിത്രാനന്ദൻ പുലയലഹള എന്നും ഊരൂട്ടമ്പലം ലഹള എന്നും അറിയപ്പെടുന്ന സംഭവത്തെ കുറിച്ച് സമരണകളിൽ നിന്നും നല്കുന്ന വിവരണം സി.അഭിമന്യു അയ്യങ്കാളി എന്ന പുസ്തകത്തിൽ നല്കിയിരിക്കുന്നതിങ്ങനെയാണ്; "അയ്യങ്കാളിയുടെ നേതൃത്വത്തിൽ ഹിന്ദുക്കളായ പുലയക്കുട്ടികളെ ഊരൂട്ടമ്പലം സർക്കാർ സ്കൂളിൽ ചേർക്കാൻ ശ്രമം നടന്നു. സവർണ്ണ മേലാളന്മാർ സർക്കാർ ഉത്തരവിനെ ധിക്കരിച്ച് അതിനെ തടസ്സപ്പെടുത്താൻ ശ്രമിച്ചു.അതിന്റെ ഫലമായി പുലയരും നായന്മാരുമായി തമ്മിൽ വലിയ ബലപ്രയോഗം തന്നെ നടന്നു.കൊല്ലും കൊലയും അധികാരമുള്ള നായന്മാർ പുലയരെ തല്ലാൻ കൂട്ടം കൂട്ടമായി രംഗത്തിറങ്ങി. അങ്ങനെ അതൊരു വലിയ ലഹളയായി രൂപാന്തരപ്പെട്ടു” (അഭിമന്യു.സി: 1990: 128). പുലയവിഭാഗത്തെ അടിച്ചമർത്താനായി സവർണർ നടത്തിയ കടന്നാക്രമണമാണിത്. അതിന് നേതൃത്വം നല്കിയത് സമൂഹവിരുദ്ധരായ സവർണ്ണ ചട്ടമ്പികളാണ്. അല്ലാതെ പുലയലഹള എന്ന പേരിലൂടെ സൂചിപ്പിക്കപ്പെടുന്നതുപോലെ പുലയർ നടത്തിയ ലഹളയല്ല.

അയ്യങ്കാളി ഇടപെട്ട ധാരാളം സമരങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ട്, അതിലൊന്നാണ് പുല്ലാട്ടുലഹള. 1910-ൽ അയിത്ത വർഗക്കാർക്ക് സ്കൂൾ പ്രവേശനം അനുവദിച്ചുകൊണ്ട് സർക്കാറിന്റെ കല്പനയുണ്ടായപ്പോൾ തിരുവല്ലായിലെ പുല്ലാട്ട് എന്ന സ്ഥലത്തുള്ള സവർണഹിന്ദുക്കൾ അതിനെ എതിർത്തു. 1914-ലെ പുതിയ ഉത്തരവ് വന്നിട്ടും അയിത്ത ജാതിക്കാർക്ക് പുല്ലാട്ടുള്ള സ്കൂളിൽ പ്രവേശനം ലഭിച്ചില്ല. തിരുവല്ലാ താലൂക്കിൽ അഞ്ചാം ക്ലാസ് കഴിഞ്ഞുള്ള വിദ്യാഭ്യാസം അന്ന് സർക്കാർ സ്കൂളിൽ മാത്രമെ സാധ്യമായിരുന്നുള്ളൂ. വെള്ളിക്കര ചോതിയുടെ ശ്രമഫലമായി കുട്ടികൾ വന്നെങ്കിലും അവർ കയറിയതോടെ സവർണകുട്ടികൾ ക്ലാസ് ബഹിഷ്കരിച്ചു.സ്കൂൾ പൂട്ടിക്കുമെന്ന അവസ്ഥയിലായി. സവർണർ സ്കൂളിന് തീവെച്ചു. തുടർന്ന് ഇരുഭാഗത്തുനിന്നും അക്രമണങ്ങളുണ്ടായി. പിന്നീട് അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളുടെ ഫലമായാണ് പ്രശ്നം ഒത്തുതീർപ്പിലായത്.

...മായിരുന്ന പെരിനാട് ലഹള എന്നറിയപ്പെട്ട പ്രക്ഷോഭം. താഴ്ന്ന വിഭാഗത്തിലെ സ്ത്രീകൾ ധരിച്ചിരുന്ന കല്ലയും മാലയും ഉപേക്ഷിക്കണമെന്ന് അയ്യങ്കാളി ആഹ്വാനം ചെയ്തു. അടിമത്വത്തിന്റെ ചിഹ്നങ്ങൾ ഉപേക്ഷിക്കാൻ നെയ്യാറ്റിൻകരയിൽ പ്രക്ഷോഭണം സംഘടിപ്പിച്ചു. എന്നാൽ കൊല്ലത്ത് ഈ ആഹ്വാനം കോളിളക്കം സൃഷ്ടിച്ചു. സവർണർക്ക് അയിത്തവർഗക്കാർ അപരിഷ്കൃതരീതികൾ ഉപേക്ഷിക്കുന്നത് സമ്മതമായില്ല. അതേ സമയം ജന്മിമാരുടെ നിർദ്ദയമായ പെരുമാറ്റങ്ങൾക്കെതിരായി ചില യുവാക്കൾ സംഘം ചേർന്നു. തൊഴിൽ തർക്കം രൂക്ഷമായതിനെ തുടർന്ന് ജന്മിമാരിൽ നിന്ന് മോചനം നേടുന്നതിനായുള്ള പ്രക്ഷോഭണവും ആരംഭിച്ചു. പെരിനാട്ട് ചെറുമൂട് എന്ന സ്ഥലത്ത് 1915 ഒക്ടോബർ 24-ന് അധഃസ്ഥിതർ ഒരു യോഗം ചേർന്നു. അതിലേക്ക് കൊല്ലം ജില്ലയിലെ നാനാഭാഗത്തു നിന്നും ആളുകൾ വന്നുചേർന്നു. യോഗം മുടക്കുന്നതിനും ശക്തമായ ആക്രമണം നടത്തുന്നതിനും തയ്യാറായി ആയുധങ്ങൾ കയ്യിൽ കരുതിക്കൊണ്ട് സവർണരും എത്തിച്ചേർന്നു. തുടർന്ന് ദിവസങ്ങൾ നീണ്ടുനിന്ന വലിയൊരു ഏറ്റുമുട്ടലാണ് അവിടെ നടന്നത്. സംഭവത്തിൽ താഴ്ന്ന ജാതിക്കാരുടെ അറുനൂറിൽപരം വീടുകൾ വെന്തെരിഞ്ഞു. സവർണരിൽ ചിലരുടെ വീടുകളും ചാമ്പലായി.

ഈ സംഭവത്തെ കുറിച്ച് കൊല്ലത്തെ തങ്കശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന മലയാളി പത്രത്തിലും, കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന നസ്രാണി ദീപികയിലും വാർത്തകൾ വന്നിരുന്നു. ഈ വാർത്തകളെ പ്രാധാന്യം പരിഗണിച്ച് കോഴിക്കോട് നിന്നും ചെങ്ങരംകുമരത്ത് കൃഷ്ണൻ വക്കീലിന്റെ പത്രാധിപത്യത്തിൽ പുറപ്പെട്ടുകൊണ്ടിരിക്കുന്ന മിതവാദി മാസികയിൽ ചേർത്തിരുന്നു. പെരിനാട്ടുലഹളയെ കുറിച്ച് മലയാളി പത്രത്തിൽ വന്ന വാർത്ത മിതവാദിയിൽ ഇങ്ങനെ കൊടുത്തിരിക്കുന്നു.

"കഴിഞ്ഞ ഞായറാഴ്ച തിരുവിതാംകൂർ പെരിനാട്ടുവെച്ച് സാധുജന പരിപാലനസംഘം സെക്രട്ടറി ഗോപാലദാസന്റെ അധ്യക്ഷതയിൽ പുലയരുടെ ഒരു മഹായോഗം കൂടുകയുണ്ടായി. ആ അവസരത്തിൽ നാനാദിക്കുകളിൽ നിന്നുമായി ഏകദേശം രണ്ടായിരത്തിനുമേൽ പുലയർ ഹാജരുണ്ടായിരുന്നു. കൂടാതെ ആ സ്ഥലത്തുള്ള ഏതാനും നായന്മാരും സന്നിഹിതരായിരുന്നു. യോഗമദ്ധ്യേ രണ്ട് നായർയുവാക്കൾ പുലയരുടെ ഇടയിൽ കടന്ന് എന്തോ ആവശ്യപ്പെടുകയോ മറ്റോ ചെയ്തുവെന്ന കാരണത്തിന്മേൽ ഒരു ലഹളയുണ്ടാവുകയും അതിൽ വെച്ച് പുലയർക്ക് മുറിവുകൾ പറ്റുകയും ചെയ്യുകയുണ്ടായി. അനന്തരം പുലയർ സംഘമായി പുറപ്പെട്ടു. ഒരു നായരുടെ വീടിന് തീവെക്കുകയും വഴിമദ്ധ്യേ വെച്ച് തടുത്ത ചിലരെ കല്ലുകൊണ്ടെറിയുകയും മറ്റും ചെയ്യുകയുണ്ടായി. പെരിനാട്, മങ്ങാട്, കിളികൊല്ലൂർ മുതലായ സ്ഥലങ്ങളിൽ പുലയരുടെ ചില പുരകളും നശിപ്പിക്കപ്പെട്ടിട്ടുണ്ട്. അവിടെയുള്ള പുലയരിൽ മിക്കവാറും പേർ ആ സ്ഥലം വിട്ടുപോയിരിക്കുന്നതായി അറിയുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഇന്നലെ രാവിലെ കൃത്യസ്ഥലത്ത് പോയിരുന്നു" (മിതവാദി: 1915 ഒക്ടോബർ).

തിരുവിതാംകൂറിലെ നായർ സാമുദായിക ഉന്നമനം ലക്ഷ്യമാക്കികൊണ്ട് 1886-ൽ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരണമാരംഭിച്ച പത്രമാണ് മലയാളി. തിരുവിതാംകൂറിലെ നായർ സമുദായ സംഘടനയായ മലയാളി സഭയുടെ പ്രസിദ്ധീകരണമാണിത്. അക്കാലത്ത് നല്ല പ്രചാരം ലഭിച്ചിരുന്ന ഒരു പത്രം കൂടിയാണിത്. പുലയസമൂഹത്തെ പ്രതിസ്ഥാനത്തേക്ക് കൊണ്ടുവരുന്ന തരത്തിലുള്ള ആഖ്യാനമാണ് ഇവർ നടത്തിയിരുന്നത്. യോഗത്തിനിടെ രണ്ട് നായർ യുവാക്കൾ പുലയരുടെ ഇടയിൽ കടന്ന് എന്തോ ആവശ്യപ്പെട്ടതിനെ തുടർന്ന് ലഹളയുണ്ടായി എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അവരത്ര നിഷ്കളങ്കരല്ല, ആയുധങ്ങളുമായി മുൻകൂട്ടി ആസൂത്രണം ചെയ്ത പ്രകാരം യോഗം തടസ്സപ്പെടുത്താൻ എത്തിച്ചേർന്നവരാണ്. സവർണരുടെ ആസൂത്രണത്തെ കുറിച്ച് ടി.എച്ച്.പി. ചെന്താരശ്ശേരി ഇപ്രകാരം പറയുന്നുണ്ട്; "ഗോപാലദാസനെ വധിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ആ ലഹളയ്ക്കിടയിൽ വധം നടന്നാൽ പ്രത്യേകിച്ച് ഒരാളെ കുറ്റവാളിയാക്കാനും സാധ്യമല്ലല്ലോ. എങ്കിലും കൊലയാളി ആരായിരിക്കണം എന്ന പ്രശ്നം അവർക്കൊരു കീറാമുട്ടിയായി.അവസാനം 'നല്ലേരി കുരിനായർ' എന്നൊരു ചട്ടമ്പി സ്വയം മുന്നോട്ടുവന്നു.പത്തുപറ നിലവും രണ്ടേക്കർ പുരയിടവും കുറേ പണവും നല്കണമെന്ന് സമുദായപ്രമാണിമാരോട് അയാൾ ആവശ്യപ്പെട്ടു. അവർ തമ്മിൽ ആലോചിച്ച് പ്രസ്തുത വ്യവസ്ഥ സമ്മതിക്കുകയും ചെയ്തു" (ടി.എച്ച്.പി. ചെന്താരശ്ശേരി: 2013: 73). ഇത്തരത്തിൽ കൃത്യമായ ആസൂത്രണത്തിന് ശേഷം നടന്ന പ്രക്ഷോഭത്തെയാണ് മലയാളി പത്രം നായർ യുവാക്കളെ യോഗക്കാർ കടന്നാക്രമിക്കുകയായിരുന്നു എന്ന നിലയിൽ അവതരിപ്പിച്ചത്.

നസ്രാണി ദീപികയിൽ 'ഒരു വലിയ ലഹള' എന്ന പേരിൽ വന്ന വാർത്തയും മിതവാദിയിൽ ചേർത്തിരുന്നു. "യോഗം ആരംഭിച്ച ഉടൻ രണ്ട് ചട്ടമ്പിമാർ(പോക്കിരികൾ) ചില ആയുധങ്ങളോട്ടുകൂടി യോഗത്തിൽ കടന്നു നിർഭയം ഗോപാലദാസന്റെ അടുത്തെത്തി.ഇവരുടെ ഉദ്ദേശ്യത്തെ മുൻകൂട്ടി അറിഞ്ഞിരുന്ന പുലയർ അവരുടെ നായകനായ ഗോപാലദാസനെ പത്തുനൂറു ആളുകളുടെ സഹായത്തോട്ടുകൂടി കൊല്ലത്തേക്ക് കടത്തിവിട്ടു.രോഷാകുലരായ പുലയർ ചട്ടമ്പിമാരിൽ ഒരുവന്റെ ഭവനത്തിൽ കേറി സാമാനങ്ങൾ അപഹരിക്കുകയും വീടിനു തീ കൊളുത്തി അശേഷം നശിപ്പിക്കുകയും ചെയ്തു.അവിടെ നിന്നും ആയുധപാണികളായ പുലയർ രണ്ടാമത്തെ ചട്ടമ്പിയുടെ ഭവനം തകർക്കാൻ തുടങ്ങി...” (മിതവാദി: 1915 ഒക്ടോബർ). ഇങ്ങനെ തുടർന്ന് പോകുന്ന വിവരണം പ്രത്യക്ഷത്തിൽ നിഷ്പക്ഷമെന്ന് തോന്നിപ്പിക്കുമെങ്കിലും സൂക്ഷ്മമായി നിരീക്ഷിച്ചാൽ അതിലുള്ളടങ്ങിയിരിക്കുന്ന സവർണപ്രത്യയശാസ്ത്രം വെളിവാകും.

പെരിനാട്ടു നടക്കുന്ന പ്രക്ഷോഭത്തിന്റെ ഭീകരസ്വഭാവം മനസ്സിലാക്കി അയ്യങ്കാളി അവിടെ ഒരു സർവ്വ സമുദായ യോഗം സംഘടിപ്പിച്ചുകൊണ്ടാണ് പ്രശ്നങ്ങൾക്ക് അന്ത്യമുണ്ടാവുന്നത്. പ്രസ്തുത യോഗത്തിലെ അധ്യക്ഷൻ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെ പ്രഖ്യാപന പ്രകാരം യോഗത്തിൽ പങ്കെടുത്ത സ്ത്രീകളെല്ലാം കല്ലയും മാലയും അറുത്തുകളഞ്ഞു.പുലയ സ്ത്രീകൾ കല്ലയും മാലയും ഉപേക്ഷിച്ചതിനെച്ചൊല്ലി ആ പ്രദേശത്ത് പിന്നെയും ചില അക്രമണങ്ങൾ നടന്നതായി മിതവാദിയിൽ പറയുന്നുണ്ട്.

**അടിലഹള**

അവശതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ അവകാശങ്ങൾക്കായി പൊരുതിനിന്ന പൊയ്കയിൽ അപ്പച്ചൻ എന്നറിയപ്പെടുന്ന പൊയ്കയിൽ കുമാരഗുരുദേവന്റെ സാന്നിധ്യത്തിൽ നടന്ന പ്രക്ഷോഭങ്ങളാണ് ചരിത്രത്തിൽ അടിലഹളകൾ എന്ന പേരിലറിയപ്പെട്ടത്. വാകത്താനം ലഹള, കൊഴുക്കുംചിറ ലഹള, മുണ്ടക്കയം ലഹള, മംഗലം ലഹള, വെള്ളീനടി സമരം തുടങ്ങിയവ ഇതിലുൾപ്പെടുന്നു. പറയസമുദായത്തിൽ ജനിച്ച പൊയ്കയിൽ കുമാരഗുരുദേവൻ 1891-ൽ ക്രൈസ്തവസമുദായത്തിലേക്ക് മതപരിവർത്തനം ചെയ്തു. ദളിത് ക്രിസ്ത്യാനികൾക്ക് സമുദായത്തിനുള്ളിൽ അനുഭവിക്കേണ്ടിവരുന്ന അടിമത്വം മനസ്സിലാക്കി ക്രൈസ്തവനും ഹിന്ദുവുമല്ലാത്ത ദ്രാവിഡദളിതൻ എന്ന ആശയം ഇദ്ദേഹം മുന്നോട്ടുവെച്ചു.

യോഹന്നാന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒന്നാണ് വാകത്താനം ലഹള. വാകത്താനത്തെ കടമുറി സി.എം.എസ്. പള്ളിയിൽ യോഹന്നാന്റെ സുവിശേഷപ്രസംഗം വെച്ചിരുന്നു. അദ്ദേഹം അക്കാലത്ത് ദൈവസന്തതികളും ദുഷ്ടസന്തതികളും എന്ന വിഷയത്തിലാണ് സംസാരിച്ചിരുന്നത്. ദുഷ്ടസന്തതികളുടെ സ്ഥാനത്ത് സവർണ ക്രിസ്ത്യാനികളെയാണ് പ്രതീകാത്മകമായി യോഹന്നാൻ സൂചിപ്പിച്ചിരുന്നത്. അടിമകളും ദളിതുകളുമായ ശ്രോതാക്കളെ രസിപ്പിച്ചുവെങ്കിലും സവർണരെ രൂക്ഷമായി വിമർശിച്ച പ്രസംഗങ്ങൾ അവർക്കിടയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. ബൈബിളിനെ വിമർശിച്ചു സംസാരിച്ചുകൊണ്ട് അധസ്ഥിതരുടെ പ്രശ്നങ്ങൾ ബൈബിൾ വായനകൊണ്ട് ഇല്ലാതാവുന്നില്ല എന്നവരെ ബോധ്യപ്പെടുത്തിയ ശേഷം യോഹന്നാൻ കയ്യിലുണ്ടായിരുന്ന ബൈബിൾ തീയിലേക്ക് എറിഞ്ഞു. അതുവരെ വിശുദ്ധമായി കരുതിപ്പോന്ന ബൈബിൾ അനുയായികളും ഓരോരുത്തരായി തീയിലെറിഞ്ഞു. ഈ സംഭവം ക്രിസ്ത്യാനികളെ ചൊടിപ്പിച്ചു. അവരൊന്നിച്ച് ബൈബിൾ കത്തിച്ച മതനിന്ദകനെ കൊല്ലാൻ തീരുമാനിച്ചു. യോഹന്നാൻ സുവിശേഷ പ്രസംഗം നടത്തുന്ന എല്ലാ സ്ഥലങ്ങളിലും അക്രമികൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. യോഹന്നാനെ വധിക്കാൻ ഏർപ്പാടാക്കിയ നാട്ടുപ്രമാണി വെട്ടിയിൽ തമ്പുരാനും കൂട്ടാളികളും യോഹന്നാന്റെ അനുയായികളും തമ്മിൽ വലിയ പോര് നടന്നു. അവിടെ നിന്ന് സ്ത്രീവേഷം കെട്ടിയാണ് യോഹന്നാൻ കഷ്ടിച്ച് രക്ഷപ്പെട്ടത്. ഇതാണ് വാകത്താനം ലഹള എന്നറിയപ്പെടുന്നത്. തുടർന്നും യോഹന്നാന് നേരെ പല സ്ഥലങ്ങളിൽ വെച്ച് വലിയ ആക്രമണങ്ങൾ നടന്നു. ഓരോ ആക്രമണവും ലഹള എന്ന പേരിലറിയപ്പെടുകയും ചെയ്തു.

ക്കംചിറ ലഹള ഒരു പ്രധാന സംഭവമായിരുന്നു. മധ്യതിരുവിതാംകൂറിൽ സഭകളും സമ്പന്നന്മാരും വൻതോതിൽ വനഭൂമി കയ്യേറുന്ന കാലഘട്ടമായിരുന്നു അത്. അടിമകളായിരുന്നു പ്രധാന പണിക്കാർ. ഈ കൂട്ടത്തിൽ അടിമകളായ കുറച്ച് ആളുകളും വനം വെട്ടിത്തെളിച്ച് കൃഷിയിറക്കി.ഇത് സവർണ വിഭാഗം അംഗീകരിക്കാൻ തയ്യാറായില്ല. അടിമകൾക്ക് സ്വന്തമായി വിളവിറക്കാൻ അവകാശമില്ല എന്നും വിളവ് സവർണർക്ക് നൽകണമെന്നും അവർ വാദിച്ചു. അതിന്റെ പേരിൽ ഇരുകൂട്ടരും തമ്മിൽ വലിയ തർക്കങ്ങൾ നടന്നു. ഭരണകൂടം അടിമകൾക്കെതിരായിരുന്നു. അടിമകൾ അധ്വാനിച്ചുണ്ടാക്കിയ കാർഷികോല്പന്നങ്ങൾ ലഭിക്കാതെ ലഹള അവസാനിപ്പിക്കില്ലെന്ന് സവർണർ തീരുമാനിച്ചിരുന്നു. അടിമകൾ സ്വന്തമായി അധ്വാനിക്കാൻ ആരംഭിച്ചാൽ സവർണരുടെ കീഴിൽ പണിയെടുക്കാൻ ആളുണ്ടാവില്ലെന്ന് അവർക്കറിയാമായിരുന്നു. അതിനാൽ തന്നെ ഒരു സഭയും അടിമകളെ പിന്തുണച്ചില്ല. കർഷകർക്ക് ഭൂമിയോ ഭക്ഷണമോ ഒന്നുമില്ലാതെ പിടിച്ചുനിൽക്കാൻ പറ്റാത്ത അവസ്ഥയിലെത്തി. "തങ്ങളുടെ കൃഷിഭൂമികളും വിളവുകളും സവർണർക്ക് അടിമകൾ വിട്ടുനല്കി. ഇതോടെ കൊഴുക്കംചിറ ലഹള അവസാനിച്ചു" എന്ന് സന്തോഷ് ബോബൻ കേസരി ഓൺലൈൻ പ്രസിദ്ധീകരണത്തിൽ എഴുതിയ ലേഖനത്തിൽ പറയുന്നു. സാധാരണക്കാരായ കൃഷിക്കാരുടെ അടിസ്ഥാന ആവശ്യങ്ങൾ തടഞ്ഞുവെച്ചുകൊണ്ട് മേലാളർ അഴിച്ചുവിട്ട ആക്രമണങ്ങളെ ചരിത്രത്തിൽ അധസ്ഥിത വിഭാഗം നടത്തിയ ലഹളകളായാണ് ചിത്രീകരിച്ചത്.

1913-ലെ കൊഴുക്കചിറ സംഭവത്തിനുശേഷം അതേ വർഷം തന്നെ നടന്നതാണ് മംഗലം ലഹള. യോഹന്നാനും അനുയായികളും കോടതിയിൽ പോയി വരുമ്പോൾ കടത്തുവഞ്ചിയിൽ വെച്ച് അവരെ മുക്കിക്കൊല്ലാനായിരുന്നു സഭാഗുണ്ടകളുടെ നീക്കം. അതുനടക്കാതെ വന്നപ്പോൾ വഞ്ചിയിൽ നിന്നിറങ്ങി വഴിയിൽ വെച്ച് ആക്രമിച്ച് വകവരുത്താൻ ശ്രമം നടത്തി. വെട്ടിയാട് നടന്ന യോഗത്തിനിടെ സവർണർ അക്രമം നടത്തിയതാണ് പിന്നീട് വെട്ടിയാട് ലഹള എന്നറിയപ്പെട്ടത്. ലഹള എന്ന പേര് ചേർക്കുന്നതോടെ കയ്യേറ്റത്തിൽ പങ്കെടുത്തവരുടെ പേരോ മറ്റ് വിവരങ്ങളോ പ്രസക്തമല്ലാതാവുന്നു. മാത്രമല്ല, അത് അധസ്ഥിത വിഭാഗം സൃഷ്ടിച്ച ഒരു കോലാഹലമായി മാറ്റപ്പെടുന്നു.

**ചാന്നാർ ലഹള**

1859-ൽ തെക്കൻ തിരുവിതാംകൂറിൽ ചാന്നാർ സ്ത്രീകളുടെ വസ്ത്രസ്വാതന്ത്ര്യത്തിന്റെ മേൽ നടന്ന അതിക്രമമാണ് ചരിത്രത്തിൽ ചാന്നാർ ലഹള എന്ന പേരിലറിയപ്പെടുന്നത്. തിരുവിതാംകൂർ ചരിത്രമെഴുതിയ ആറ്റൂർ കൃഷ്ണപിഷാരടി ഈ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: “കൊല്ലം 1034 ധനുമാസത്തിൽ തെക്കൻ തിരുവിതാംകൂറിൽ ഹിന്ദുക്കളും ക്രിസ്തുമതത്തിൽ ചേർന്ന ചാന്നാന്മാരും തമ്മിൽ ലഹളയുണ്ടായി. മിഷ്യൻ പാതിരിമാരുടെ പ്രേരണവഴിക്ക് ക്രിസ്തുമതക്കാരായിത്തീർന്ന ചാന്നാർ സ്ത്രീകളുടെ വസ്ത്രധാരണരീതിയാണ് ആ ലഹള ഉണ്ടാക്കിത്തീർത്തത്. ആ സ്ത്രീകൾ ഉയർന്ന ജാതി ഹിന്ദുസ്ത്രീകളെപ്പോലെ മേൽമുണ്ടും ജാക്കറ്റും മറ്റും ധരിച്ചുതുടങ്ങി” (ആറ്റൂർ കൃഷ്ണപ്പിഷാരടി: 1930:387).

ആറ്റൂരിന്റെ വിവരണത്തിൽ ഈ പ്രക്ഷോഭത്തിന് കാരണമായത് ചാന്നാർ സ്ത്രീകളുടെ അനുസരണയില്ലായ്മയാണ്. ചന്നാർ സ്ത്രീകൾ സവർണ സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യുന്നത് സവർക്കുള്ള ജാതിശ്രേഷ്ഠതയ്ക്ക് അപമാനകരമാണെന്ന് അദ്ദേഹം കരുതിയിരുന്നു. ചാന്നാർ സ്ത്രീകളുടെ വേഷം അംഗീകരിക്കാൻ ആവാത്ത മേൽ ജാതിക്കാരാണ് ഇതിന്റെ പേരിൽ അക്രമങ്ങൾക്ക് ആരംഭം കുറിച്ചത്. കേണൽ മൺട്രോവിന്റെ കാലത്ത് ക്രിസ്ത്യാനികളായിത്തീർന്ന ചാന്നാർ സ്ത്രീകൾക്ക് സുറിയാനി സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യാൻ അനുവാദമുണ്ടായിരുന്നു. 1859-ൽ ഈ വിഷയത്തിൽ ഒരു രാജവിളംബരവും പ്രസിദ്ധപ്പെടുത്തി. അതിൽ ചാന്നാർ സ്ത്രീകൾക്ക് ഇഷ്ടം പോലെ വസ്ത്രം ധരിക്കാമെന്നും എന്നാലത് സവർണസ്ത്രീകളെ അനുകരിച്ചുകൊണ്ടാവരുത് എന്നും പ്രസ്താവിച്ചു. കാരണം ജാതി വ്യത്യാസം വളരെ പ്രത്യക്ഷമായി തന്നെ തിരിച്ചറിയപ്പെടണം എന്ന് അധികാരികൾക്ക് നിർബന്ധമായിരുന്നു.

തിരുവിതാംകൂർ ചരിത്രം രചിച്ച പി. ശങ്കുണ്ണി മേനോൻ ചാന്നാർ ലഹള എന്നറിയപ്പെടുന്ന പ്രക്ഷോഭത്തെ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്; “സവർണഹിന്ദുസ്ത്രീകൾ ധരിക്കുന്ന ഉടുപ്പുകൾ

ത്ത തുടങ്ങിയതിൽ നിന്നായിരുന്നു ഈ കുഴപ്പത്തിന്റെ ഉത്ഭവം. മതപരിവർത്തനം നടത്തപ്പെടുന്ന സമയം മുതൽ ഇവർ ഇതാചരിച്ചുപോന്നു. ഗൗരവമായ പ്രത്യാഘാതങ്ങളുളവാക്കുന്ന ഈ വാസനയെ നിരുത്സാഹപ്പെടുത്തുന്നതിനു പകരം മിഷണറി പ്രവർത്തകർ ഇവരെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, സവർണ ഹിന്ദുക്കളെ അധിക്ഷേപിക്കുന്ന വിധമാണ് പ്രവർത്തിച്ചിരുന്നതും" (പി. ശങ്കുണ്ണി മേനോൻ: 2012: 428).

പി. ശങ്കുണ്ണി മേനോൻ ഈ സംഭവത്തെ അവതരിപ്പിച്ചിരിക്കുന്നത് ചാന്നാർ സ്ത്രീകൾ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ഒരു തെറ്റ് ചെയ്തത് പ്രക്ഷോഭണത്തിന് കാരണമായി എന്ന രീതിയിലാണ്. സവർണരുടെ വേഷവിധാനം അനുകരിക്കുന്നതും അവർക്ക് പ്രകോപനം സൃഷ്ടിക്കുന്നതും ഈ ചരിത്രകാരനെ സംബന്ധിച്ചിടത്തോളം അംഗീകരിക്കാൻ സാധിക്കാത്ത കാര്യമാണ്. തിരുവിതാംകൂറിന്റെ ചരിത്രം രചിക്കപ്പെട്ടത് ഏത് പ്രത്യയശാസ്ത്രത്തിന്റെ താല്പര്യത്തിനകത്താണ് എന്ന് നാം പരിശോധിക്കേണ്ടതാണ്. ചന്നാർ വിഭാഗത്തിൽ നിന്നും അടിമത്വവും അനീതികളും സഹിക്കാനാവാതെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ഒരു വിഭാഗം ജനങ്ങൾ നടത്തിയ കോലാഹലമായി ചരിത്രത്തിൽ ഈ സംഭവം പ്രത്യക്ഷപ്പെടുന്നത് ഒട്ടും യാദൃശ്ചികമല്ല. ചാന്നാർ സ്ത്രീകൾക്ക് പ്രോത്സാഹനം നല്കിയതിന്റെ പേരിൽ പി.ശങ്കുണ്ണി മേമോൻ മിഷണറിമാരെയും നിശിതമായി വിമർശിക്കുന്നുണ്ട്.

തുടർന്ന് അദ്ദേഹം പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്; "മേറ്റിയേഴ്സ് തന്റെ പുസ്തകത്തിൽ 277-ാം പുറത്തിൽ ചേർത്തിട്ടുള്ള പടങ്ങൾ ചാന്നാർ സ്ത്രീകൾ സവർണസ്ത്രീകളുടെ വേഷവിധാനം അനുകരിച്ച് പഠിക്കുന്നതാണ്. എന്നാൽ യൂറോപ്യന്മാർക്ക് കൂടുതൽ സമ്മതമായിരുന്ന പലവിധത്തിലുള്ള മറ്റു പുതിയ വേഷവിധാനങ്ങൾ ഇവിടെ നിലനിന്നിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. ഒരു കാര്യം വ്യക്തമാണ്. മതപരിവർത്തനം ചെയ്ത ചാന്നാന്മാർ ഈ വേഷവിധാനം സ്വീകരിച്ചത് ഈ ജില്ലയിലെ ഹിന്ദുജനവിഭാഗത്തെ വ്യക്തമായും അവഹേളിക്കുവാൻ വേണ്ടിയാണ്" (പി. ശങ്കുണ്ണി മേനോൻ: 2012: 430).

ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യൂറോപ്യന്മാരുടെ താല്പര്യം ചാന്നാർ സ്ത്രീകളുടെ വേഷവിധാനത്തിൽ വന്ന മാറ്റത്തെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. മതം മാറിയവരെ മിഷണറിമാർ അങ്ങേയറ്റം സഹായിച്ചിരുന്നു എന്നും മിഷണറിമാരിൽ നിന്നും പ്രോത്സാഹനം ലഭിച്ചതിനാൽ നാട്ടുനിയമങ്ങളെ ധിക്കരിക്കുവാനുള്ള പ്രവണതയാണ് ചാന്നാന്മാരിൽ കാണുന്നതെന്നും ശങ്കുണ്ണി മേനോൻ കൂട്ടിചേർക്കുന്നുണ്ട്. അതേ സമയം യൂറോപ്പിൽ തുണിമില്ലുകൾ ആരംഭിച്ച കാലഘട്ടം കൂടിയായിരുന്നു അത്. മതം മാറിയ ചാന്നാർ സ്ത്രീകളെ വസ്ത്രധാരണത്തിന് പ്രോത്സാഹിപ്പിച്ചത് സാമ്പത്തിക ലാഭം കൂടി മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. "പ്രൊട്ടസ്റ്റന്റ് മതവിഭാഗം ഇവിടെ വരുന്നതിനു നൂറുകണക്കിന് കൊല്ലങ്ങൾക്ക് മുമ്പു തന്നെ സർക്കാർ നടപടികൾകൊണ്ട് ക്രൈസ്തവരോട് സഹിഷ്ണുത കാണിക്കുകയും ശരിക്കു പറഞ്ഞാൽ ലണ്ടൻ മിഷനെത്തന്നെ അതിന്റെ ശൈശവദശയിൽ രക്ഷിക്കുകയും ചെയ്തവരോട് ഏറ്റവും മോശമായ പെരുമാറ്റമായിരുന്നു ഇത്. അതും ജനങ്ങളും അവിടുത്തെ രാജാവും യാഥാസ്ഥിക ഹിന്ദുക്കളായിരിക്കുമ്പോൾ തന്നെ" എന്നുകൂടി തെക്കൻ താലൂക്കിലെ ഡെപ്യൂട്ടി പേഷ്ക്കാരായിരുന്ന പി.ശങ്കുണ്ണി മേനോൻ പറയുന്നുണ്ട്. യാഥാസ്ഥിക ഹിന്ദിക്കളായിരിക്കുക എന്നത് പ്രത്യേകം പരിഗണിക്കേണ്ട പദവിയായാണ് കണക്കാക്കിയിരിക്കുന്നത് . ഈ ലഹള നടക്കുന്ന സമയത്താണ് ഇദ്ദേഹം 'തിരുവിതാംകൂർ ചരിത്രം' രചിക്കുന്നത്. ഒരു ഉദ്യോഗസ്ഥന്റേതായ എല്ലാ അധികാരവും പ്രത്യക്ഷത്തിലും അല്ലാതെയും കാണാനാവുന്ന ചരിത്രവിവരണങ്ങളാണ് മേൽ പറഞ്ഞവയെല്ലാം. ഔദ്യോഗികാധികാരം മാത്രമല്ല ശങ്കുണ്ണി നായരുടെ രചനയെ സ്വാധീനിച്ച ഘടകം, കൃത്യമായ സവർണഹൈന്ദവബോധം കൂടിയാണ്.

വസ്ത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ നടന്ന ഈ സംഭവവികാസങ്ങളെ കുറിച്ച് പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിൽ പി.ഭാസകരനുണ്ണി ഇങ്ങനെ അഭിപ്രായപ്പെടുന്നു, "സവർണ ഹിന്ദുക്കളുടെ ധാർഷ്ട്യത്തെ ധിക്കരിച്ച് ചാന്നാന്മാർ അന്ന് പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ, ഈ ധർമരാജ്യം എവിടെ നില്ക്കുമായിരുന്നു. ധാർഷ്ട്യം രണ്ടുകൂട്ടർക്കുമുണ്ടായിരുന്നു. ഒന്ന് ചരിത്രത്തെ പിറകോട്ട് വലിക്കുകയും മറ്റേത് മുന്നോട്ടു വലിക്കുകയും ചെയ്തുവെന്നതാണല്ലോ സത്യം" (പി.ഭാസകരനുണ്ണി: 2012: 1179).

...ത സംഘടിത സ്വാതന്ത്ര്യസമരമായി ഈ സംഭവത്തെ കാണാം. തുടർന്നും ചാന്നാർ സ്ത്രീകൾ സവർണ സ്ത്രീകളുടെ വേഷവിതാനങ്ങൾ സ്വീകരിച്ചതിന്റെ പേരിൽ പ്രശ്നങ്ങളുണ്ടായി. ആർ.എൻ.പണിക്കർ ഈ സംഭവത്തെ വിവരിച്ചതിനെ പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തിയിരിക്കുന്നു: "വിളവംകോട്, കല്ക്കുളം, ഇരണിയൽ, അഗസ്തീശ്വരം, തോവാള എന്നീ സ്ഥലങ്ങളിൽ ഭയങ്കരമായ ലഹളകൾ നടന്നു. ഒടുവിൽ സർക്കാർ ഇടപെട്ട് നിയമത്താൽ ചാന്നാന്മാരുടെ അവകാശത്തെ സ്ഥാപിക്കേണ്ടിവന്നു" (പി.ഭാസകരനുണ്ണി: 2012: 1181).

പി.ഭാസകരനുണ്ണി ഇതേ പുസ്തകത്തിൽ തന്നെ ആർ.എൻ.പണിക്കറുടെ അഭിപ്രായം കൂടി രേഖപ്പെടുത്തുന്നു; “ചാന്നാന്മാർക്ക് എന്തുകൊണ്ട് അവർക്കനുവദിച്ച വേഷം ധരിച്ചുകൂടാ- ധിക്കാരികളണവർ. ശൂദ്രർ ലഹളയുണ്ടാക്കിയതിൽ അവരെ കുറ്റം പറയാൻ പാടില്ല. ജാത്യാചാരങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത അഭിമാനികളായ കൂട്ടരാണവർ”.

The History of Tranancore എന്ന പുസ്തകത്തിൽ മനുഷ്യരിൽ ആർക്കൊക്കെ അഭിമാനം ആവാമെന്നും ആർക്കൊക്കെ പാടില്ല എന്നുകൂടി ചരിത്രകാരൻ സൂചിപ്പിക്കുന്നു. ഹിന്ദു സമുദായത്തിലെ ശൂദ്രർ വരെയുള്ളവരെ മാത്രമേ പണിക്കർ തിരുവിതാംകൂറിന്റെ ചരിത്രരചന നടത്തുമ്പോഴും മനുഷ്യരായി പോലും ഗണിച്ചിട്ടുള്ളു. അല്ലാത്തവർക്ക് ആത്മാഭിമാനമുണ്ടാകുന്നതോ അവരുടെ അടിസ്ഥാനാവശ്യങ്ങൾ നടപ്പിലാകുന്നതോ പോലും ധിക്കാരമായി കണക്കാക്കപ്പെട്ടു. ചരിത്രകാരന്റെ ഉള്ളിൽ അടിയുറച്ചുപോയ ജാതിബോധമാണ് ഈ തരത്തിലൊരു കേരളത്തിന്റെ സമരചരിത്രം നിർമ്മിക്കപ്പെടുന്നതിന്റെ അടിസ്ഥാനം. ഈ നിലയ്ക്ക് നാം നിർമ്മിച്ചുവെച്ചിട്ടുള്ള ബൃഹത്ചരിത്രങ്ങളെല്ലാം മാറ്റിപ്പണിതുകൊണ്ടേ ഇരിക്കണം. ചരിത്രത്തിൽ വികൃതമായി ആവിഷ്കരിച്ച വെച്ച, മുഖ്യധാരയിലെങ്ങും ഇടം കൊടുക്കാതെ ഒരു വിഭാഗം മനുഷ്യരെ വെറും ലഹളക്കാരായി ചിത്രീകരിച്ചുകൊണ്ടുള്ള ആഖ്യാനങ്ങളൊന്നും പുതിയ കാലത്തിന്റേതായി വായിക്കപ്പെടില്ല.

“ലഹളകൾ ഒന്നല്ല, പിന്നീട് പലതു നടന്നു. തിരുവിതാംകൂറിൽ പലയിടത്തും സംഘടിതമായും മറ്റു ഭാഗങ്ങളിൽ ഒറ്റപ്പെട്ടുമാണ് നടന്നതെന്ന വ്യത്യാസമേ ഉള്ളൂ. മാറുമറച്ചാൽ ലഹള, മുണ്ടുതാഴ്ത്തിയുടുത്താൽ ലഹള, കുട പിടിച്ച നടന്നാൽ ലഹള, തലേക്കെട്ട കണ്ടാൽ ലഹള, കമ്മലിട്ടാൽ ലഹള, മുടി കൊണ്ടവെച്ച കെട്ടിയാൽ ലഹള, പതിനാറിന് അല്ലാതെ പുലകുളി നടത്തിയാൽ ലഹള, സർക്കാർ അനുവദിച്ചെങ്കിലും പള്ളിക്കൂടങ്ങളിൽ മറ്റു സവർണജാതിക്കുട്ടികളോടൊത്തു പഠിക്കാൻ പോയാൽ ലഹള, മൂക്കുത്തിയിട്ടാൽ ലഹള, ആറുകാലിൽ പന്തലിട്ടാൽ ലഹള, സദ്യയ്ക്കു പപ്പടം വറുത്തു വിളമ്പിയാൽ ലഹള, സവർണരുടെ കലാവിദ്യകൾ സ്വീകരിച്ചാൽ ലഹള... ലഹള, ലഹളതന്നെ” (പി.ഭാസകരനുണ്ണി: 2012: 1186). പി.ഭാസ്കരനുണ്ണി ലഹളകളെ കുറിച്ച് നല്കുന്ന വിവരണമാണിത്. അവർണരായ ജനവിഭാഗത്തിന് സമൂഹത്തിൽ സ്വതന്ത്രമായി ഒന്നും തന്നെ ചെയ്യാൻ അവകാശമില്ലായിരുന്നു. ഓരോ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ അവർക്ക് സവർണശക്തികളോട് പോരടിക്കേണ്ടിവന്നു. ഈ നവോത്ഥാന സമരപോരാട്ടങ്ങളെല്ലാം ചരിത്രാഖ്യാനങ്ങളിൽ വിരുദ്ധോക്തികളായി നിലകൊണ്ടു.

കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ എന്ന പുസ്തകത്തിൽ ജി. പ്രിയദർശൻ ആ കാലഘട്ടത്തിൽ നടന്ന ലഹളകളെ കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു “ലഹള തുടങ്ങി ഒരാഴ്ചയോളം കഴിഞ്ഞതിൽ പിന്നീടു മാത്രമേ എന്തെങ്കിലും അന്വേഷണം ഉദ്യോഗസ്ഥന്മാർ നടത്തിയിട്ടുള്ളൂ. നടത്തിയ അന്വേഷണങ്ങളെപ്പറ്റിത്തന്നെ വളരെ ആക്ഷേപയോഗ്യമായ വിവരങ്ങളാണ് ഞങ്ങൾക്കറിവാൻ ഇടയായിട്ടുള്ളത്. പുലയരെ തല്ലുക, അവരുടെ കുടിലുകളും ഭവനങ്ങളും കൊള്ളയടിക്കുക, തീ വെക്കുക, ജംഗമവസ്തുക്കളെ അപഹരിച്ചുകൊണ്ടുപോകുക, സ്ത്രീകളെ ദേഹോപദ്രവം ചെയ്യുക, മാനഭംഗപ്പെടുത്തുക എന്നുവേണ്ട പറവാനും ചിന്തിക്കാനും പാടില്ലാത്ത അകൃത്യങ്ങൾ തന്നെ പുലയരോട് ലഹളക്കാർ പ്രവർത്തിച്ചിരുന്നു. ഇങ്ങനെ ലഹള നടക്കുന്ന സമയത്ത് ചില പോലീസുദ്യോഗസ്ഥന്മാരും മജിസ്ട്രേറ്റ് മുതലായ അധികൃതന്മാരും അവർക്ക് കുനിന്മേൽ കുരുവായിട്ടായിരുന്നു പ്രവർത്തിച്ചത്... ഈ ലഹളയുടെ ഒക്കെ അടിസ്ഥാനം നായന്മാരിൽ ചിലർ ഗവർമ്മെന്റു മുഴുവൻ തങ്ങളുടെ അധീനതയിൽ ആയിപ്പോയി എന്നും തങ്ങൾ നിശ്ചയിക്കുന്നതെല്ലാം

ചട്ടവുമൊക്കെയെന്ന വിചാരിക്കയും പറകയും ചെയ്തു പൊതുജനങ്ങളുടെ ഇടയിലൊരു ചീത്ത ധാരണ ഉണ്ടാക്കിയിരിക്കുന്നതിന്റെ ഫലമാണെന്നുള്ളതും രഹസ്യമല്ല…" (ജി. പ്രിയദർശൻ: 2012: 230).

1921-ൽ മലബാറിൽ നടന്ന ഖിലാഫത്ത് പ്രസ്ഥാനം മലബാർ ലഹളയായി പര്യവസാനിച്ചു. ഏറനാട് പല സാമുദായിക ലഹളകളും നടന്ന സ്ഥലമാണ്. എന്നാലിത് ഒരു രാഷ്ട്രീയ വിപ്ലവമാണെന്ന് ബ്രിട്ടീഷ് ഗവർമെന്റും പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്കാണ് അവരതിനെ കൈകാര്യം ചെയ്തതും അടിച്ചമർത്തിയതും. നാട്ടുകാർ തമ്മിൽ നടന്ന ലഹളകളിൽ കാണിച്ച ഉപേക്ഷയല്ല അവരിവിടെ കാണിച്ചത് എന്ന് ഖിലാഫത്ത് സ്മരണകളിൽ മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് അഭിപ്രായപ്പെടുന്നു. മലബാറിൽ നടന്ന ഈ പ്രക്ഷോഭപരമ്പര മാപ്പിളലഹള എന്ന പേരിലും അറിയപ്പെടുന്നു. യഥാർത്ഥത്തിൽ ഇതൊരു ഹിന്ദു-മുസ്ലീം തർക്കമോ പ്രശ്നമോ അല്ലെങ്കിലും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടത് വർഗീയ ലഹള എന്ന വിധത്തിലാണ്. മാത്രമല്ല ഒരു ന്യൂനപക്ഷ വിഭാഗമായ മുസ്ലീം ജനത ഹിന്ദുക്കൾക്കെതിരെ നടത്തിയ ആക്രമണങ്ങൾ മാത്രമായി ഇതവതരിപ്പിക്കപ്പെടുന്നു. അതോടെ വലിയ രാഷ്ട്രീയ പ്രാധാന്യത്തോടെ ചരിത്രത്തിൽ ചർച്ച ചെയ്യപ്പെടേണ്ട പ്രക്ഷോഭം കേവലം മാപ്പിളലഹളയായി മാറ്റപ്പെട്ടു.

**ഉപസംഹാരം**

അധസ്ഥിസ്ഥർ നടത്തിയ കീഴാള നവോത്ഥാനമെന്ന് പൊതുവെ വ്യവഹരിക്കപ്പെട്ട മുന്നേറ്റങ്ങളെല്ലാം ചരിത്രത്തിൽ 'ലഹളകൾ' എന്ന പേരിലാണ് രേഖപ്പെടുത്തി വെക്കപ്പെട്ടത്. അവയെല്ലാം അതിജീവനത്തിനായി അവർണർ നടത്തിയ സാമൂഹ്യവും രാഷ്ട്രീയവുമായ പോരാട്ടങ്ങളാണ്. കേരളത്തിലെ സാമൂഹിക വ്യവഹാരങ്ങളിൽ ആഴത്തിൽ ആണ്ടുകിടക്കുന്ന ജാതിബോധത്തിന്റെ തണൽ പറ്റിയാണ് ഇവിടുത്തെ ചരിത്രരചനയും രൂപപ്പെട്ടു വന്നത്. സവർണർ പങ്കെടുത്ത സമരങ്ങൾ, സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിലിരിക്കുന്ന വ്യക്തികൾ നേതൃത്വം നൽകിയ സമരങ്ങൾ എന്നിവയ്ക്ക് ചരിത്രത്തിൽ ലഭിച്ച പ്രാധാന്യം കീഴാളധാരകളിൽ രൂപപ്പെട്ട സമരങ്ങൾക്ക് പൊതുവെ ലഭിച്ചിട്ടില്ല, പലതും അതിവിദഗ്ധമായി തമസ്കരിക്കപ്പെട്ടു. സാമൂഹികവും രാഷ്ട്രീയവുമായ നിരവധി പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനതയിൽ നിർമ്മിക്കപ്പെട്ട ചരിത്രാഖ്യാനങ്ങൾ കീഴാളധാരകളുടെ നവോത്ഥാന സമരങ്ങളെ കേവലം ലഹളകളായി ചിത്രീകരിച്ചു. കേരളത്തിന്റെ ചരിത്രരചനയിൽ ഏർപ്പെട്ടവരെല്ലാം സവർണ്ണ പ്രത്യയശാസ്ത്രത്തിനകത്തു നിന്നുകൊണ്ട് പ്രവർത്തിച്ചവരാണ്. പല ഔദ്യോഗിക സ്ഥാനങ്ങളിലും ഇരിക്കുന്ന ഉദ്യോഗസ്ഥരടക്കമുള്ള ഈ വിഭാഗത്തിന്റെ ആഖ്യാനങ്ങൾ തികച്ചും അധികാരജഡിലമാണ്. കേരളത്തിന്റെ നവോത്ഥാന സമരചരിത്രത്തെ വേണ്ടവിധം അഭിസംബോധന ചെയ്യാൻ നിലവിലെ ചരിത്രാഖ്യാനങ്ങൾ അപര്യാപ്തമാണ്. ഇവ കേരളീയ നവോത്ഥാന ചരിത്രത്തിന്റെ യഥാതഥമായ പരിച്ഛേദങ്ങളെ തുറന്നു കാട്ടുകയൊ, കീഴാള ധാരകളുടെ ആഴത്തിലുള്ള സ്വത്വാന്വേഷണങ്ങൾ നടത്തുകയോ, അവയുടെ മൗലികമായ പ്രത്യയശാസ്ത്ര നിലപാടുകൾ കണ്ടെടുക്കുകയോ ചെയ്യുന്നില്ല.

**ഗ്രന്ഥസൂചി**

1) അഭിമന്യു, സി. അയ്യങ്കാളി. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 1990
2) കൃഷ്ണപ്പിഷാരടി, ആറ്റൂർ. തിരുവിതാംകൂർ ചരിത്രം. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1930
3) ചെന്താരശ്ശേരി, ടി.എച്ച്.പി. അയ്യങ്കാളി. തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ്& പബ്ലിഷിംഗ്, 2013
4) പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം. ശബ്ദതാരാവലി. കോട്ടയം സാഹിത്യപ്രവർത്തക സഹകരണസംഘം നാഷണൽ ബുക്ക് സ്റ്റാൾ, 2015
5) പ്രിയദർശൻ, ജി. കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2012
6) ഭാസ്കരനുണ്ണി, പി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2012
7) മിതവാദി. 1915 ഒക്ടോബർ

വിതാംകൂർ ചരിത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1984
9) Nagam Aiya, V. The Travancore state Manual. Vol 2. Creative Media Partners, LLC, 2017

1) https//kesariweekly.com/13974